# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-1936/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) എറണാകുളം,
3. കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-1936/22 തീയ്യതി: 03/12/2022

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജോസഫ് ജോർജ്ജ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്., ഓഡിറ്റർ

.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആലീസ് ഷാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബിജു.ടി.പോൾ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ആശാമോൾ | മെഡിക്കൽ ഓഫീസർ സിഎച്ച്സി പാമ്പാക്കട | 01-04-2021 | 31-03-2022 |
| ഡോ. ജോബ് സി ഒ | മെഡിക്കൽ ഓഫീസർ സിഎച്ച്സി രാമമംഗലം | 01-04-2021 | 31-03-2022 |
| ശ്രീമതി നദീറ എച്ച് | ശിശു വികസന ഓഫീസർ | 01-04-2021 | 10-11-2021 |
| വേക്കന്റ് | ശിശു വികസന ഓഫീസർ | 11-11-2021 | 14-11-2021 |
| ശ്രീമതി മിനി ഒ എൻ | ശിശു വികസന ഓഫീസർ | 15-11-2021 | 31-03-2022 |
| ശ്രീമതി സജിത ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സീന പി ജി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജാസ്മിൻ മോൾ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയ ജോസഫ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 30-06-2021 |
| വേക്കന്റ് | ക്ഷീര വികസന ഓഫീസർ | 01-07-2021 | 22-07-2021 |
| ശ്രീമതി. സിജി വർഗ്ഗീസ് | ക്ഷീര വികസന ഓഫീസർ | 23-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാടക അപാകതകൾ | 1-11 |
| 13 | പാമ്പാക്കട ബ്ലോക്ക് പഴയ ഓഫീസ് കെട്ടിടം ശുചിത്വ സമുച്ചയം പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലം അധിക ചെലവ് | 1-12 |
| 14 | രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രം-മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരമല്ല | 1-13 |
| 15 | രാമമംഗലം സാമൂഹ്യാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 1-14 |
| 16 | സ്കൂളുകൾക്ക് നാപ്കിൻ വെൻഡിംഗ് മെഷീൻ നൽകൽ - അപാകതകൾ | 1-15 |
| 17 | ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - ലഭ്യത പൂർണ്ണമായിട്ടില്ല. | 1-16 |
| 18 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഗ്രോബാഗ് വിതരണം- അപാകതകൾ | 1-17 |
| 19 | ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-18 |
| 20 | സംയുക്ത പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 21 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാമ്പാക്കട ബ്ലോക്ക് പഴയ ഓഫീസ് കെട്ടിടം ശുചിത്വ സമുച്ചയം | 3-1 |

| | | |
|---|---|---|
| | പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലം അധികച്ചെലവ് | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 4,28,52,210 | 4,47,28,417 |
| ചെലവ് | 4,26,20,864 | 4,55,41,142 |

### 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.06.2022 |

### 1-2-1 വാർഷിക കണക്ക് പരിശോധന

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് RP-40 (A) & (B) പ്രകാരമുള്ള നീക്കിയിരുപ്പിൽ ബ്ലോക്ക് പഞ്ചായത്തിലെ എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ബാങ്ക് അക്കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല.

2. നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിച്ച തുകയുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. വാടകയിനത്തിൽ ആകെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള തുക രജിസ്റ്ററിലുംവാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

3. കോവിഡ് റിക്കവറി ഇനത്തിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിട്ടുള്ള 1,40,031/- രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.കടമുറികളുടെ വാടക ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഈയിനത്തിൽ വാടകക്കാർക്ക് തുക നൽകാനുണ്ടോ എന്ന വിവരം വ്യക്തമല്ല.

5. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട് നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള നീക്കിയിരുപ്പ് 13,40,580/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 70,72,041 |
| വരവ് | 4,47,28,417 |
| ആകെ | 5,18,00,458 |
| ചെലവ് | 4,55,41,142 |
| നീക്കിയിരിപ്പ് | 62,59,316 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 18,181 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 14,57,189 |

### 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 10521265 | 10521265 | 10222986 | 0 | 298279 |
| വികസനഫണ്ട്-എസ്.സി.പി | 0 | 5476000 | 5476000 | 5476000 | 0 | 0 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 56000 | 56000 | 56000 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6131613 | 6131613 | 4496426 | 0 | 1635187 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | 844496 | 1932000 | 2776496 | 2578650 | 197846 | 0 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 3449050 | 2898000 | 6347050 | 2667596 | 3679454 | 0 |
| PMAY (LB Share) | 38663 | 2060 | 40723 | 18 | 40705 | 0 |
| കേരളോത്സവം | 1554 | 0 | 1554 | 0 | 1554 | 0 |

ACR, വാർഷിക കണക്ക് എന്നിവ പ്രകാരം CFC ഗ്രാന്റിൽ നീക്കിയിരിപ്പുംB4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 105 | 5,53,28,357 | 87 | 2,73,12,756 | 12 | 75 | 18 | 86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 ന് 3.00 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.
4. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.
5. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തപ്പെടുന്നില്ല.
6. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.2022 - 29.07.2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2017 - 02.02.2017 | 2016-17 | 27.02.2017 |

## 1-11 വാടക അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാടക ഡിമാന്റ് രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ്, കലക്ഷൻ, റസീപ്റ്റ് നം./തീയതി എന്നിവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. വാടക സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ വികസന കമ്മീഷണറുടെ അംഗീകാരം ലഭ്യമായ, വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാടക ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വാടക ഡെപ്പോസിറ്റ് എപ്രകാരമാണ് അക്കൌണ്ട് ചെയ്യുന്നതെന്നും, സ്വീകരിച്ച വാടക ഡെപ്പോസിറ്റ് വിവരങ്ങളും ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് കൊടുത്തിരിക്കുന്ന വാടക കെട്ടിടങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ആകെ 2,88,713/- രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/2021-22 തീയതി 27-10-2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതും വാടകുടിശിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 പാമ്പാക്കുട ബ്ലോക്ക് പഴയ ഓഫീസ് കെട്ടിടം ശുചിത്വ സമുച്ചയം പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലം അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.പി. ഔസേഫ് |
| എം.ബുക്ക് | 3/PB/21-22 |
| എഗ്രീഡ് പിഎസി | 3,83,512/- (എസ്റ്റിമേറ്റ് നിരക്ക്) |
| പ്രവൃത്തി മൂല്യം | 4,08,734/- |
| ബിൽ നം. | ടി.ആർ.എൻ. - 9045/17.1.22 |

പാമ്പാക്കുട ബ്ലോക്ക് പഴയ ഓഫീസ് കെട്ടിടം ശുചിത്വ സമുച്ചയം പൂർത്തീകരണം എന്ന പദ്ധതിയുടെ കരാറുകാരനായ ശ്രീ.കെ.പി.ഔസേഫ് 30.9.21 ൽ കരാർ ചമയ്ക്കുകയും, 29.12.21 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് 28.10.22 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് വെരിഫിക്കേഷനിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കണ്ടു.

1) ചെയ്യാത്ത പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു.

പ്രവർത്തിയുടെ എം. ബുക്കിൽ ഇനം. (12) പ്രകാരം Providing And Laying Vitrified Floor Tiles In Different Sizes.... എന്ന ഇനം പ്രവൃത്തി 11.74 $M^2$ (എസ്റ്റിമേറ്റ് അളവ്) ചെയ്തതായി രേഖപ്പെടുത്തി 1382.74 രൂപ നിരക്കിൽ 16233/- രൂപ മൂല്യം നിർണ്ണയിച്ച് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ *ഇത്തരത്തിലൊരു പ്രവൃത്തി പ്രസ്തുത സ്ഥലത്ത് ചെയ്തിട്ടില്ലാത്തതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.* എം.ബുക്കിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത് മൂലം 18181/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. (വിശദ വിവരം ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.)

2) എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി നടപ്പാക്കിയ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള ഉയർന്ന നിരക്ക് അനുവദിച്ചു.

എസ്റ്റിമേറ്റ് ഇനം. (31) പ്രകാരം ടൊയിലറ്റിനോട് ചേർന്നുള്ള പാർക്കിംഗ് ഏരിയയിൽ റൂഫിംഗ് ഷീറ്റ് ഇടുന്നതുമായി ബന്ധപ്പെട്ട ഇനം പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ ഡേറ്റാ ചുവടെ ചേർക്കുന്നു.

Providing And Fixing Aliminium Profile Sheets 0.460 Mm Or Nearest Available Thickness........... ടി ഇനം പ്രവൃത്തി 109.80 $M^2$ (എസ്റ്റിമേറ്റ് അളവ്) ചെയ്തതായി രേഖപ്പെടുത്തി 744.03/$m^2$ രൂപ നിരക്കിൽ 81694/- രൂപ മൂല്യം നിർണ്ണയിച്ച് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ *സ്ഥല പരിശോധനയിൽ 0.460 Mm Aluminium Sheet ന പകരം 0.40 Mm Thickness ഉള്ള Precoated GI Sheet ആണ് സ്ഥാപിച്ചിട്ടുള്ളതെ ന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.* (പ്രസ്തുത ഇനത്തിന് അനുവദനീയമായ

നിരക്ക് 486.64/$m^2$ ആണ്. കരാറുകാരന് അധികമായി നല്കിയ തുക 31653/- രൂപ ജി.എസ്.ടി ഉൾപ്പെടെ)

പാർക്കിംഗ് ഏരിയ ദീർഘകാലം സുരക്ഷിതമായി നിലനിൽക്കുന്നതിനാണ് ഉയർന്ന നിരക്കിലുള്ള Aluminium Sheets ഉപയോഗിച്ചുള്ള പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാലിവിടെ കരാറുകാരൻ സ്വന്തം ലാഭത്തിനായി ഗുണമേന്മ കുറഞ്ഞ ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കുകയും ഉയർന്ന നിരക്കിലുള്ള തുക കൈപ്പറ്റുകയും ചെയ്തു. ക്രമ വിരുദ്ധമായി നടപ്പാക്കിയ ഈ പ്രവൃത്തി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അംഗീകൃത എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതും, കരാറുകാരൻ ടെണ്ടർ പ്രകാരം ഏറ്റെടുത്തിട്ടുള്ളതുമായ പ്രവൃത്തി (Providing And Fixing Aliminium Profile Sheets 0.460 Mm Or Nearest Available Thickness) കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ നടപ്പാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ചെയ്യാത്ത ഇനം പ്രവൃത്തികൾ തെറ്റായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റിൽ വീക്ഷിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/29.10.22) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ബോദ്ധ്യപ്പെട്ടതായും, ക്രമ നം.(1) പ്രകാരമുള്ള നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും, ക്രമ നം.(2) പ്രകാരമുള്ള പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി കരാറുകാനെ കൊണ്ട് ചെയ്യപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹാജരാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമ നം.(2) പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ ടി ഇനത്തിൽ ചെലവ് ചെയ്ത തുക 81694/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രം-മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരമല്ല

രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

1. ആശുപത്രിയിൽ സ്ഥാപിച്ചഓക്സിജൻ പ്ലാന്റ് റൂഫിംഗ് (പ്രോജക്ട് നം-125/22)

ചെലവ് - 125000/- (ബിൽ നം-21120363084300497849 Dtd 08/10/2021- Rs.75000/-
& ബിൽ നം-21120363084301144014 Dtd 17/02/2022- Rs.50000 )

2. ആശുപത്രിയിൽ രോഗികൾക്ക് കാത്തിരുപ്പ് കേന്ദ്രം (പ്രോജക്ട് നം-60/22)

ചെലവ് -98750/-(ബിൽ നം-21120363084300250275 Dtd 29/07/2021)

3. ആശുപത്രിയിലെ ട്രോളി പാത്ത്-വേയ്ക്ക് മേൽക്കൂര നിർമ്മാണം (പ്രോജക്ട് നം-59/22)

ചെലവ് -99500/- (ബിൽ നം-21120363084300203830 Dtd 14/07/2021)

ഈ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് വിഭാഗം പ്രവർത്തികളുടെ നിർവ്വഹണം എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തേണ്ടത്. എന്നാൽ മെഡിക്കൽ ഓഫീസറാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

2. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികളിലൂടെ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയിൽ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

3. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയാണ് പദ്ധതിക്കായി ക്ഷണിക്കുന്ന ടെണ്ടറുകളും ക്വട്ടേഷനുകളും അംഗീകരിക്കേണ്ടത്.പദ്ധതി ക്വട്ടേഷൻ മുഖേനെ നടത്താൻ കമ്മിറ്റി തീരുമാനിച്ചതായോ ക്വട്ടേഷനുകൾ അംഗീകരിച്ചതായോ ഉള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളിലൊന്നും ഈ പദ്ധതിക്കായി ക്ഷണിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിന്റെയോ അംഗീകാരം നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.ബ്ലോക്ക് ഭരണസമിതിയുടെ അംഗീകാരമില്ലാതെ ക്വട്ടേഷൻ അംഗീകരിച്ച് ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി തയ്യാറാക്കുന്ന ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുണ്ട പ്രവർത്തികളുടെ വിശദാംശങ്ങളും ചെലവും തീരുമാനിക്കേണ്ടത്. ഇവിടെ അംഗീകൃത എസ്റ്റിമേറ്റില്ലാതെ, ലഭിച്ച ക്വട്ടേഷനുകളിലെ കുറഞ്ഞ തുക പ്രകാരം ചെലവ് നടത്തുകയും ഈ തുകക്ക് ഓവർസീയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/28-10-22) നൽകിയ മറുപടിയിൽ 1,2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുത്തിരുന്നതായും കോവിഡ് കാലത്ത് സർക്കാർ നൽകിയ ഇളവ് പരിഗണിച്ചാണ് നടപടിക്രമങ്ങൾ പാലിക്കാത്തതെന്നുമാണ് അറിയിച്ചത്. ഒരു സ്വകാര്യ സൂപ്പർവൈസറിൽ നിന്നുള്ള എസ്റ്റിമേറ്റാണ് മറുപടിക്കൊപ്പം

ഹാജരാക്കിയത്. കോവിഡ് കാലത്ത് നൽകിയ ഇളവുകളാകട്ടെ മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, ടെസ്റ്റിംഗ് ഉപകരണങ്ങൾ, ഭക്ഷ്യവിതരണം എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് വിഭാഗം പ്രവർത്തികളുടെ നിർവ്വഹണത്തിനായി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം നിലവിലുള്ളപ്പോൾ സ്വകാര്യ സൂപ്പർവൈസറിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയത് അംഗീകരിക്കാവില്ല. സർക്കാർ അംഗീകൃത നിരക്കിലാണോ ചെലവ് കണക്കാക്കിയത് എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ചെലവ് തുക 3,23,250/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 രാമമംഗലം സാമൂഹ്യാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – 39/2022 & 37/2022
നിർവ്വഹണം - മെഡിക്കൽ ഓഫീസർ , സി.എച്ച്.സി- രാമമംഗലം
അടങ്കൽ – 1,00,000/-(39/22) & 400000( 37/22)
ചെലവ് – 1,00,000/-(39/22) & 393869 ( 37/22)
ഓഡിറ്റ് എൻക്വയറി – നം-6/28-10-2022

രാമമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വഴി നടപ്പിലാക്കിയ സാമൂഹ്യാരോഗ്യകേന്ദ്രം മരുന്നുവാങ്ങൽ (പ്രോജക്ട് നം-39/22), സെക്കണ്ടറി പാലിയേറ്റീവ് കെയർ ( നം-37/22) എന്നീ പദ്ധതികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തീയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 39/2022 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-3646<br>PRF-ലഭ്യമല്ല<br>PRF-7330 | 20/11/2021<br><br>24/03/2022 | Rs.72,214/<br>Rs.5,219/-<br>Rs.22657/- | Rs.42285/-<br><br>Rs.14493/- | Rs.29,929/-<br>Rs.5,219/-<br>Rs.8164/-<br>Rs.43,312 /- |
| 37/2022 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-5113 | 27/01/2022 | Rs.20766/- | | Rs.20766/- |
| | ആകെ | | | | | Rs.64,078 /- |

മുൻകൂർ നൽകിയിട്ടും ലഭിക്കാത്ത മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ വില Rs.64,078 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 സ്കൂളുകൾക്ക് നാപ്കിൻ വെൻഡിംഗ് മെഷീൻ നൽകൽ - അപാകതകൾ

പ്രോജക്ട് നം-123/22

അടങ്കൽ- 5,12,667/- (CFC - 5,01,846, തനത്ഫണ്ട് - 10,821)

ചെലവ് - 5,02,200/ (CFC - 5,01,846, തനത്ഫണ്ട് - 354

വൌച്ചർ നം.XVFC/2020-21/3 Dt 29.02.2022 Rs.501846/-
And Cheque No.XY 5487227 Dt 22.02.2022 Rs.354/-)

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം വിവിധ സ്കൂളിലേക്ക് സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് , തനത് ഫണ്ട് എന്നിവയിൽ നിന്നും യഥാക്രമം 501846/- രൂപ, 354/- രൂപ വീതം ആകെ 502200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു നാപ്കിൻ വെൻഡിംഗ് മെഷീൻ,ഒരു ഡെസ്ട്രോയർ, 500 സാനിട്ടറി നാപ്കിനുകൾ എന്നിവ വീതമാണ് 9 സ്കൂളുകൾക്ക് നൽകിയത്. ഒരു യൂണിറ്റിന് 55,800/- രൂപ (51800+4000) നിരക്കിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസാണ് (കെ.എസ്.ഐ.ഇ) പദ്ധതി നടപ്പാക്കിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. ഇവിടങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നാണ് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണമില്ലാത്ത സ്ഥാപനങ്ങളിൽ ചെലവഴിക്കുന്നത് വഴി ഒരേ പദ്ധതികൾക്കായി വിവിധ തദ്ദേശസ്ഥാപനങ്ങളുടെ

ഫണ്ട് ചെലവിടുന്നതിനും പദ്ധതി ഇരട്ടിപ്പിനും കാരണമാകുന്നു. ഈ പദ്ധതിയുടെ നടപ്പാക്കുന്ന വിവരം സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരമുള്ള ജില്ലാ പഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകളൊന്നും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നടപ്പാക്കിയ 9 സ്കൂളുകളിൽ ഗവ.മോഡൽ എച്ച് എസ് പാലക്കുഴ, ജി.എച്ച്.എസ് പാമ്പാക്കുട, ഉപ്പുകണ്ടം ഗവ യു.പി.എസ് എന്നിവിടങ്ങളിൽ നിലവിൽ സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതാണ്. ഈ വിവരം സ്കൂൾ അധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിറ്റുകൾക്ക് അറ്റകുറ്റപ്പണികൾ മാത്രം ആവശ്യമായിരിക്കെ അത് ചെയ്യാതെ സാനിട്ടറി നാപ്കിൻ യൂണിറ്റ് ഒന്നിന് 51,800/- രൂപ നിരക്കിൽ പുതിയത് വാങ്ങുന്നതിനാണ് പണം ചെലവഴിച്ചിരിക്കുന്നത്. സ്ഥാപിച്ച യൂണിറ്റുകൾക്ക് വാറന്റി, ഫ്രീ സർവ്വീസ് എന്നിവ ലഭ്യമായിരുന്നോ അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ വരുന്ന ചെലവെത്ര എന്ന കാര്യങ്ങളൊന്നും പരിശോധിക്കാതെയാണ് പുതിയവ വാങ്ങി സ്ഥാപിച്ചിരിക്കുന്നത്.

3. നിലവിലുണ്ടായിരുന്ന സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾക്ക് നാപ്കിൻ യൂണിറ്റ് സ്ഥാപിച്ച് നൽകിയത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നല്ല എന്നറിയിച്ചിട്ടുണ്ട്. ഏത് സാമ്പത്തിക വർഷമാണ് ഇവിടങ്ങളിൽ പദ്ധതി നടപ്പാക്കിയത് എന്ന വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ഒരേ പദ്ധതികൾക്കായി വിവിധ തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് ഒരേസമയം ചെലവിടുന്നുണ്ട് എന്നകാര്യം ഇതിൽ നിന്നും വ്യക്തമാണ്.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം-3/27-10-22) നൽകിയതിന് മറുപടി വിശദമായി പീന്നീട് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.
ബ്ലോക്ക് പഞ്ചായത്തിൽ നിന്നല്ലാതെ സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിച്ച സ്ഥാപനങ്ങളിൽ തന്നെ നിലവിലെ യൂണിറ്റുകൾക്ക് വാറന്റി, ഫ്രീ സർവ്വീസ് എന്നിവ ലഭ്യമായിരുന്നോ അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ വരുന്ന ചെലവെത്ര എന്ന കാര്യങ്ങളൊന്നും പരിശോധിക്കാതെ ഒരു യൂണിറ്റിന് 55,800 രൂപ [യൂണിറ്റ് വില 51,800/- + നാപ്കിൻ വില 4,000/- (500x8)] നിരക്കിൽ പുതിയത് വാങ്ങുന്നതിന് പണം ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ഈയിനത്തിൽ ചെലവഴിച്ച 1,67,400/- (55800 X 3) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-16 ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - ലഭ്യത പൂർണ്ണമായിട്ടില്ല.

പ്രോജക്ട് നമ്പർ – 91/2022

നിർവ്വഹണം- മെഡിക്കൽ ഓഫീസർ , സി.എച്ച്.സി

അടങ്കൽ – 2,50,000/-

ചെലവ് -2,45,046/- (BRN 2112030000000 10492 Dt 26.02.2022)

ഓഡിറ്റ് എൻക്വയറി -നം-5/27-10-2022

പാമ്പാക്കുട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വഴി നടപ്പിലാക്കിയ മരുന്നുവാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും ഇതുവരെ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തീയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 91/2022 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-5809 | 18/02/2022 | Rs.70,200/- | 49433- | 20767/- |
| | ആകെ | | | | | Rs. 20,767/- |

മുൻകൂർ നൽകിയിട്ടും ലഭിക്കാത്ത മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ വില 20,767/-/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഗ്രോബാഗ് വിതരണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0122/22 |
| പ്രോജക്ടിന്റെ പേര് | ഗ്രൂപ്പുകൾക്ക് ഗ്രോബാഗ് വിതരണം |
| അടങ്കൽ | 133334/-(100000-ധന.ക.ഗ്രാന്റ് )<br>ഗുണഭോക്തൃവിഹിതം-33334/-) |

| | |
|---|---|
| ചെലവ് | 100000/- |
| ബിൽനം.&തീയതി | 309/16-3-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി. |

ടി പ്രോജക്ടിന്റെ ലക്ഷ്യം ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച കർഷക ഗ്രൂപ്പുകൾ/ സ്വയം സഹായസംഘങ്ങൾ/ കുടുംബശ്രീ ഗ്രൂപ്പുകൾ മുതലായവയ്ക്ക് ഗ്രൂപ്പ് ഒന്നിന് പോട്ടിങ്ങ് മിശ്രിതം നിറച്ച 25 ഗ്രോബാഗും 65 പച്ചക്കറി തൈകളും വീതം പാമ്പാക്കട ബ്ലോക്ക് മോഡൽ അഗ്രോസർവ്വീസ് സെന്റർ മുഖേന വിതരണം ചെയ്യുകയും അതുവഴി പച്ചക്കറി കൃഷിയിൽ ഒരു പരിധിവരെയുള്ള ആവശ്യം നിറവേറ്റപ്പെടുകയും ചെയ്യുക എന്നുള്ളതായിരുന്നു.

മേൽ പദ്ധതി പ്രകാരം 1667 പോട്ടിങ്ങ് മിശ്രിതം നിറച്ചഗ്രോബാഗുകളും 4355 പച്ചക്കറി തൈകളും പാമ്പാക്കട ബ്ലോക്ക് മോഡൽ അഗ്രോസർവ്വീസ് സെന്ററിൽ നിന്നും നിന്നും വാങ്ങി ബ്ലോക്കിന്റെ പരിധിയിലുള്ള പാലക്കുഴ , തിരുമാറാടി, രാമമംഗലം, ഇലഞ്ഞി, പാമ്പാക്കട എന്നീ 5 പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും 13 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വീതം ആണ് നല്കിയിരിക്കുന്നത്.

പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിതരണം നടത്തേണ്ടത്. അപ്രകാരം ചെയ്തിട്ടില്ല.എല്ലാഗ്രൂപ്പുകൾക്കും 325 ഗ്രോബാഗുകളും 845 പച്ചക്കറി തൈകളും വീതമാണ് വിതരണം ചെയ്തിരിക്കുന്നത്.

2) കൃഷി വകുപ്പിലെ മറ്റ് പദ്ധതികൾ പ്രകാരം മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചവർക്കല്ല ഗ്രോ ബാഗുകൾ നൽകിയത് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിലില്ല.

3) കൃഷിയും അനുബന്ധമേഖലകളും എന്ന വർക്കിങ്ങ് ഗ്രൂപ്പിനായിരുന്നു മോണിട്ടറിങ്ങ് ചുമതല.എന്നാൽ ഒരു ഘട്ടത്തിലും മോണിട്ടറിങ്ങ് നടത്തിയിട്ടില്ല.ആയതിനാൽ തന്നെ ഈ പ്രോജക്ടിന്റെ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിയോ എന്ന് വിശകലനം ചെയ്തിട്ടില്ല.

ഇതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/28-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ കൃത്യമായ മോണിട്ടറിങ്ങ് നടപടിക്രമങ്ങൾ നടത്തേണ്ടതുമാണ്. കൃഷി വകുപ്പിലെ മറ്റ് പദ്ധതികൾ പ്രകാരം മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചവർക്കല്ല ഗ്രോ ബാഗുകൾ നൽകിയത് എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പിറവം ശാഖയിൽ 26.2.2018 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37559525123). പ്രസ്തുത അക്കൗണ്ടിലെ 22.10.22 ലെ നീക്കിയിരുപ്പ് 63849/- രൂപയാണ്. ടി തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

ബാങ്ക് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ 3261/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/28.10.22)അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, ബാങ്ക് ചാർജ്ജിനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-19 സംയുക്ത പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ തിരുമാറാടി വാർഡ്-10 അങ്കണവാടി നിർമ്മാണം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം (പ്രോജക്ട് നം- 114/2022) എന്ന പദ്ധതിയിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നിർമ്മാണത്തിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 7,00,000/-രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൌണ്ടിലേക്ക് (എൽ.ജി ടി.എസ്.ബി) നൽകിയിട്ടുണ്ട് (ബിൽ നം-21120300000007268 Rs.7,00,000/- തീ. 24.11.2021). എന്നാൽ ഈ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (No.4/27-10-2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.
സംയുക്ത പദ്ധതികൾക്കായി നൽകുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൃത്യമായും സമയബന്ധിതമായും

വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും ചെലവഴിക്കാതെ അവശേഷിക്കുന്നവ തിരികെ ഈടാക്കുന്നതിനും പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 7,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.10.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പാമ്പാക്കുട ബ്ലോക്ക് പഴയ ഓഫീസ് കെട്ടിടം ശുചിത്വ സമുച്ചയം പൂർത്തീകരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലം അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.പി.ഔസേഫ് |
| എം.ബുക്ക് | 3/PB/21-22 |
| എഗ്രീഡ് പിഎസി | 3,83,512/- (എസ്റ്റിമേറ്റ് നിരക്ക്) |
| പ്രവൃത്തി മൂല്യം | 4,08,734/- |
| ബിൽ നം. | ടിആർഎൻ - 9045/17.1.22 |

പ്രസ്തുത പദ്ധതിയുടെ കരാറുകാരനായ ശ്രീ.കെ.പി.ഔസേഫ് 30.9.21 ൽ കരാർ ചമയ്ക്കുകയും, 29.12.21 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് 28.10.22 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ്

വെരിഫിക്കേഷനിൽ ചെയ്യാത്ത പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ എം. ബുക്കിൽ ഇനം. (12) പ്രകാരം Providing And Laying Vitrified Floor Tiles In Different Sizes.... എന്ന ഇനം പ്രവൃത്തി 11.74 $M^2$ (എസ്റ്റിമേറ്റ് അളവ്) ചെയ്തതായി രേഖപ്പെടുത്തി 1382.74 രൂപ നിരക്കിൽ 16,233/- രൂപ മൂല്യം നിർണ്ണയിച്ച് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ *ഇത്തരത്തിലൊരു പ്രവൃത്തി പ്രസ്തുത സ്ഥലത്ത് ചെയ്തിട്ടില്ലാത്തതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.* എം.ബുക്കിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത് മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

മൂല്യം നിർണ്ണയിച്ച തുക - 16,233/-

(+) 12% ജി.എസ്.ടി - 1,948/-

ആകെ - 18,181/-

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/29.10.22) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടതായും, അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ 18,181/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 252000 | പി.എം.എ.വൈ. ഹൗസ് (140/22) | 252000/ 306/14.3.22 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 685212 | പി.എം.എ.വൈ. ഹൗസ് (110/22) | 685212/ 305/14.3.22 | 0 |
| | | | ആകെ | 937212 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല/ചെലവുകളില്ല.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 4,47,28,417 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,55,41,142 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,181 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,57,189 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 18,181 | ശ്രീ രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| ആകെ | - | 18,181 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12(2) | 81,694 | ശ്രീ രതീഷ് രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 323250 | ഡോ. ജോബ് സി.ഒ., മെഡിക്കൽ ഓഫീസർ സി.എച്ച്.സി. രാമമംഗലം |
| 1-14 | 64,078 | ഡോ. ജോബ് സി.ഒ., മെഡിക്കൽ ഓഫീസർ സി.എച്ച്.സി. രാമമംഗലം |
| 1-15 | 1,67,400 | ശ്രീ ബിജു ടി. പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-16 | 20,767 | ഡോ. ആശാമോൾ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. പാമ്പാക്കുട |
| 1-17 | 1,00,000 | ശ്രീമതി സീന പി.ജി., അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 1-19 | 7,00,000 | ശ്രീ ബിജു ടി. പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 14,57,189 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രതീഷ് രവീന്ദ്രൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | ഇലവനാൽപുത്തൻപുരയിൽ പാലക്കുഴ (പി.ഒ.) |

| | | |
|---|---|---|
| ഡോ. ജോബ് സി.ഒ.<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. രാമമംഗലം | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. രാമമംഗലം | ചെറിയകര ഹൗസ്<br>ഈസ്റ്റ് താന<br>ഇരിങ്ങാലക്കട |
| ശ്രീ ബിജു ടി.പോൾ<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി,<br>പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | തെക്കേപൊള്ളയിൽ,<br>ഇഞ്ചൂർ, കോഴിപ്പിള്ളി (പി.ഒ.) |
| ഡോ. ആശാമോൾ<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. പാമ്പാക്കട | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. പാമ്പാക്കട | ആലുങ്കൽ, പെരുമ്പടപ്പ്,<br>പള്ളുരുത്തി (പി.ഒ.) |
| ശ്രീമതി സീന പി.ജി..<br>അസിസ്റ്റന്റ് കൃഷി ഡയറക്ടർ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ<br>പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | നെടിയേഴത്ത് ഹൌസ്<br>പുതുപ്പാടി(പി.ഒ.),മൂവാറ്റുപുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1995-96, 1996-97 | എൽ.എഫ്.ഇ.(സി)834/2000/22.1.2001 |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.01/ 15.2.01 |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)414/21, 03.05.2021 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1215/20, 09.11.2020 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1216/20, 09.11.2020 |
| 2010-11, 2011-12 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1080/20, 06.11.2020 |
| 2012-13, 2013-14, 2014-15 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019. |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1880/ 2021/ 05.01.2022 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1154/2018/09.11.2020 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)283/2019/06.11.2020 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1317/2021/06.12.2021 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബിപി)906/2020/03.01.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(ബിപി)957/2022/07.07.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്